പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1866 17-12-2012 -ൽ മറുപടിക്ക്.

## കുട്ടികളിലെ മദ്യപാനാസക്തി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) കുട്ടികളിൽ മദ്യപാനാസക്തി കൂടി വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ആയത് നിയന്ത്രിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്? | (ബി) മദ്യത്തിന്റെ വ്യാപകമായ ഉപഭോഗം തടയുന്നതിന്റെ ഭാഗമായി, മദ്യാസക്തിക്കെതിരെയുള്ള ബോധവൽക്കരണം, ജനപ്രതിനിധികളുടെയും, സർക്കാർ - സർക്കാരിതര സന്നദ്ധ സംഘടനകളുടെയും മറ്റും സഹകരണത്തോടെ നടത്തി വരുന്നു. മദ്യ-ലഹരി വസ്തുക്കളുടെ ദൂഷ്യഫലങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന്, എക്സൈസ് വകുപ്പ്, ശക്തവും നൂതനവുമായ ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു. ഇതിന്റെ ഭാഗമായി, വിദ്യാലയങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് വിദ്യാർത്ഥികളിൽ മദ്യ-ലഹരി വിരുദ്ധ അവബോധം സൃഷ്ടിച്ച്, അവരെ ലഹരി വിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുകയും ചെയ്യുന്നുണ്ട്. സെമിനാറുകൾ, സംവാദങ്ങൾ, പോസ്റ്റർ പ്രദർശനം, ഡീ-അഡിക്ഷൻ ക്യാമ്പുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ, റാലികൾ, തെരുവു നാടകം മുതലായവ നടത്തി വരുന്നു. ദൃശ്യ മാധ്യമങ്ങളിലൂടെയുള്ള ബോധവൽക്കരണത്തിനായി, 'ദുരന്ത ലഹരി' എന്നപേരിൽ ഒരു ഡോക്യുമെന്ററി, ദൂരദർശനിലൂടെ സംപ്രേക്ഷണം ചെയ്തു വരുന്നു. കൂടാതെ, സംസ്ഥാനത്തെ തിരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ, ശ്രീ. ഗോപിനാഥ് മുതുകാടിന്റെ നേതൃത്വത്തിൽ ബോധവത്കരണ സന്ദേശം ഉൾക്കൊള്ളുന്ന 'STOP SAD' എന്ന ജാലവിദ്യാ പ്രകടനവും നടത്തുകയുണ്ടായി. |

സെക്ഷൻ ആഫീസർ